മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. എല്ലാ വിധത്തിലുള്ള അന്വേഷണവും നടന്നു. സയന്റിഫിക് അസിസ്റ്റന്റ്, വിരലടയാള വിദഗ്ദ്ധർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പോലീസ്നായയെ കൊണ്ടുവന്നു നോക്കി. ഇതുവരെയുള്ള അന്വേഷണത്തിൽനിന്നും കാര്യമായ തെളിവൊന്നും ലഭിച്ചിട്ടില്ല. അന്വേഷണം ശക്തമായ രീതിയിൽത്തന്നെ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വേണമെങ്കിൽ പരിഗണിക്കാം. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രോഗ്രസ് ഉണ്ടാകാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് കുറേക്കൂടി സമയമെടുത്ത് അന്വേഷണം നടത്തുന്നതിനുള്ള സംവിധാനം വേണമെങ്കിൽ ഉണ്ടാക്കാം. അത് ചെയ്യാൻ തയ്യാറാണ്.

(2) മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. ഇ. എം. അഗസ്തി: സർ, കേരളത്തിന്റെ വികസന ഭൂപടത്തിൽ ഒറ്റപ്പെട്ടു പോയ കിഴക്കൻ മലയോര പ്രദേശങ്ങളുടെ വികസനത്തെ ലക്ഷ്യമാക്കി മലയോര വികസന അതോറിറ്റി രൂപീകരിക്കുമെന്നും അതുപോലെ തീരദേശ വികസന അതോറിറ്റി ഉണ്ടാക്കുമെന്നും ഐക്യ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നതാണ്. ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്ന നാൾമുതൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും മലയോര വികസന, അതോറിറ്റിയെപ്പറ്റി പറയുന്നുണ്ട്. 2001-ലെ ബഡ്ജറ്റ് മുതൽ എല്ലാ ബഡ്ജറ്റിലും ഒരു കോടി രൂപ നീക്കിവയ്ക്കുന്നുണ്ടെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഫലത്തിൽ ഇന്ന് മലയോര വികസന അതോറിറ്റി നിലവിൽ വന്നിട്ടില്ല. ഈ ബഡ്ജറ്റിൽ മലയോര വികസന അതോറിറ്റി നിലവിൽവന്നു എന്ന് പറയുന്നുണ്ട്. ഈ അതോറിറ്റിയുടെ ഘടനയെന്താണ്; അതിന് എന്ത് സാമ്പത്തിക സ്വാതന്ത്ര്യമുണ്ട്; അതിന്റെ ഭരണ നിർവ്വഹണ സംവിധാനം എന്താണ് ഇതൊന്നും ആർക്കും വ്യക്തമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 1999-ൽ സെക്രട്ടേറിയറ്റിനുമുമ്പിൽ ഇടുക്കിയിലെ കോൺഗ്രസുകാർ നടത്തിയ ധർണ്ണയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞിട്ടുള്ളതാണ്. ശ്രീ. എ. കെ. ആന്റണിയും പറഞ്ഞിട്ടുള്ളതാണ്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നാൽ പ്രഥമ പരിഗണന നൽകുന്നത് മലയോര വികസന അതോറിറ്റിക്കും തീരദേശ വികസന അതോറിറ്റിക്കും ആണെന്ന്. പ്രഖ്യാപനങ്ങൾ ആവർത്തിച്ചു എന്നല്ലാതെ മലയോര നിവാസികളുടെ സ്വപ്നം യാഥാർത്ഥ്യമായിട്ടില്ല. അതുകൊണ്ട് മലയോര വികസന അതോറിറ്റി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാക്കാനാവശ്യമായ നിയമ നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മലയോര വികസന അതോറിറ്റി, എന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. പല പ്രാവശ്യം പരിഗണനയിൽ വന്നെങ്കിലും അത് നടപ്പാക്കാൻ സാധിച്ചില്ല. ഏതായാലും 2005-06 വർഷത്തിൽ അത് യാഥാർത്ഥ്യ മാകും. സമുദ്രനിരപ്പിൽനിന്നും 600 മീറ്ററിൽ കൂടുതൽ ഉയരമുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ ഏജൻസിയുടെ പരിധിയിൽ വരുന്നതാണ്. അതിന്റെ ഏരിയയെല്ലാം നിശ്ചയിച്ചു കഴിഞ്ഞു. അതിനുള്ള സംവിധാനത്തെക്കുറിച്ച് രണ്ട് വിധത്തിലുള്ള നിർദ്ദേശങ്ങളുണ്ട്. മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള സമിതിയുടെ നിർദ്ദേശമുണ്ട്. അതിൽനിന്നും വ്യത്യസ്തമായി മറ്റൊരു നിർദ്ദേശവുമുണ്ട്. ഇതിൽ ഏത് വേണ മെന്നുള്ള ന്യായപരമായ തീരുമാനം എടുത്തുകഴിഞ്ഞാൽ ഉടൻതന്നെ ഇതിന്റെ പ്രവർത്തനം ആരംഭിക്കത്തക്കവിധത്തിലുള്ള നടപടി എടുക്കും. ഈ വർഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

(3) പെരിയാർ റിവർ അതോറിറ്റി രൂപീകരണം

ശ്രീ. കെ. മുഹമ്മദാലി: സർ, ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് നിലനിൽക്കുന്നത് പെരിയാറിലാണ്. അതുപോലെ തന്നെ ഏറ്റവും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യു ന്നത് പെരിയാറിനടുത്താണ്. കൃഷി ആവശ്യത്തിനുവേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷ നുകൾ സംസ്ഥാനത്ത് ഏറ്റവും കൂടുതലുള്ളത് പെരിയാറിലും പ്രത്യേകിച്ച് ആലുവ താലൂക്കിലുമാണ്. അങ്ങനെയുള്ള പെരിയാറിന്റെ സ്ഥിതി ഇന്ന് വളരെ ശോചനീയമാണ്. വളരെ കാലങ്ങളായി പെരിയാറിന്റെ ഗൗരവമായ സ്ഥിതിക്ക് പരിഹാരം എന്ന നിലയിൽ പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്, പെരിയാറിന്റെ മലിനീകരണം ഒഴിവാക്കി പെരിയാറിന്റെ സംരക്ഷണം ഗവൺമെന്റ് ഏറ്റെടുക്കണം. അനധികൃതമായി നടന്നുകൊണ്ടിരിക്കുന്ന മണൽവാരൽ പെരിയാറിനെ നശിപ്പിക്കുന്നു. ഇത് തടയണം. അനിയന്ത്രിതമായ ജല വിനിയോഗത്തിനും പരിഹാരം ഉണ്ടാകേണ്ടതാണ്. അത് കൈകാര്യം ചെയ്യാനുള്ള സംവിധാനമായ പെരിയാർ റിവർ അതോറിറ്റി അടിയന്തിരമായി രൂപീകരിക്കുക എന്നുള്ളതാണ് ആവശ്യം. ഇത് വളരെ കാലങ്ങളായിട്ടുള്ള ആവശ്യമാണ്. അടിയന്തി രമായി പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം അതിന്റെ പശ്ചാത്തലത്തെക്കുറിച്ച് പറഞ്ഞു. അവിടെ പെരിയാർ മലിനപ്പെടുന്നു എന്ന് അഭ്യൂഹം നിലനിൽക്കുകയാണ്. മാലിന്യം മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ നേരത്തെ ചെയ്തിട്ടുണ്ട്. പെരിയാറുമായി ബന്ധപ്പെട്ട എല്ലാ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും